# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1900** **05.10.2016-ൽ മറുപടിക്ക്**

## ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരുടെ സ്ഥലം മാറ്റം

**ചോദ്യം**

**ശ്രീ.എസ്.ശർമ്മ**

**ഉത്തരം**

**അഡ്വ.കെ.രാജു**

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനം വകുപ്പിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരെ സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനം വകുപ്പിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരെ സ്ഥലം മാറ്റിക്കൊണ്ട് അഞ്ച് ഉത്തരവുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നം. | ഉത്തരവ് നമ്പർ | തിയതി | സ്ഥലം മാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|
| 1 | D1-1688//16 | 05/07/16 | 41 |
| 2 | D1-1688//16 | 25/07/16 | 9 |
| 3 | D1-1688//16 | 20/08/16 | 5 |
| 4 | D1-1688//16 | 05/09/16 | 1 |
| 5 | D1-1688//16 | 26/09/16 | 2 |

ബി) പ്രസ്തുത തസ്തികയിൽ സ്ഥലം മാറ്റ ഉത്തരവ് നൽകിയിട്ടും ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത തസ്തികയിൽ സ്ഥലം മാറ്റ ഉത്തരവ് പ്രകാരം വിടുതൽ ചെയ്യാൻ എത്ര പേരുണ്ടെന്നു വ്യക്തമാക്കാമോ ?

(ബി) + (സി) മറയൂർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.പി. ബാബുരാജനെ കോതമംഗലം റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലേക്ക് സ്ഥലം മാറ്റിയെങ്കിലും, ടിയാന്റെ ചുമതലയിലുള്ള റെയിഞ്ചിന്റെ ഗൗരവം കണക്കിലെടുത്തും, ടിയാൻ മറ്റൊരു റെയിഞ്ചിന്റെ അധിക ചുമതല കൂടി വഹിക്കുന്നുവെന്ന വസ്തുത പരിഗണിച്ചും, ഭരണപരമായ കാരണങ്ങളാൽ ടിയാനെ യഥാസമയം വിടുതൽ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ടിയാനെ വിടുതൽ ചെയ്യുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരുന്നു. വിടുതൽ ചെയ്യുന്നതിന് മറ്റാരും ശേഷിക്കുന്നില്ല.

സെക്ഷൻ ഓഫീസർ